2295
31/1/18

കേരള സർക്കാർ

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - മറ്റു പെൻഷനുകൾ ഒന്നും ലഭിക്കാത്ത 60 വയസ്സ് കഴിഞ്ഞ പരമ്പരാഗത വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട (മരം / ഇരുമ്പ് / കല്ലാശാരിമാർ, സ്വർണ്ണപ്പണിക്കാർ, മൂശാരികൾ) വ്യക്തികൾക്കുള്ള പ്രതിമാസ പെൻഷൻ തുക നിലവിലെ 500/- രൂപയിൽ നിന്ന് 1100/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള വരുമാന പരിധി 1 ലക്ഷം രൂപയായി ഉയർത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (സാധാ) നം.05/2018/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 23.01.2018.

---

പരാമർശം:- 1 29.08.2013 -ലെ സ. ഉ. (സാധാ) നം.79/2013/പി.സ.വി.വ. നമ്പർ ഉത്തരവ്.

2 പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 09.02.2016, 09.05.2017 തീയതികളിലെ BCDD/A1/991/13 നമ്പർ കത്തുകൾ.

## ഉത്തരവ്

മറ്റു പെൻഷനുകൾ ഒന്നും ലഭിക്കാത്ത 60 വയസ്സ് കഴിഞ്ഞ പരമ്പരാഗത വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട (മരം / ഇരുമ്പ് / കല്ലാശാരിമാർ, സ്വർണ്ണപ്പണിക്കാർ, മൂശാരികൾ) വ്യക്തികൾക്കുള്ള പെൻഷൻ തുക നിലവിലെ നിരക്കായ 500/- രൂപയിൽ നിന്ന് 1100/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള വരുമാന പരിധി 1 ലക്ഷം രൂപയായി ഉയർത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പെൻഷൻ വിതരണം പൂർണ്ണമായും ഡി. ബി. ടി. സിസ്റ്റം മുഖേന ആകണമെന്നും പെൻഷൻകാരുടെ ആധാർ നമ്പറുകൾ ശേഖരിച്ച് അവ അവരുടെ വിവര ശേഖരത്തിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പു വരുത്തിയ ശേഷമേ പ്രസ്തുത വർദ്ധിപ്പിച്ച പെൻഷൻ നൽകുന്നുള്ളൂ എന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ഡോ. വേണു. വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡോ. പി. എൻ. ശങ്കരൻ, വിശ്വകർമ്മ കമ്മീഷൻ, തിരുവനന്തപുരം

(.....2)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WW1/156/2017-FIN (e. 543492, തീയതി 22.01.2018 പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.